(എ) കേരളത്തിലെ വിദേശ സർവ്വകലാശാലകൾക്കും, സ്വകാര്യ സർവ്വകലാശാലകൾക്കും പ്രവർത്തനാനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഛത്തിസ്ഗഡ് സംസ്ഥാനത്തെ സ്വകാര്യസർവ്വകലാശാലകളുടെ പ്രവർത്തനം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിധിയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ തീരുമാനം പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ഛത്തിസ്ഗഡ് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതിയുടെ വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഗവൺമെന്റ് നിലപാട് പുനഃപരിശോധിക്കുന്ന ചോദ്യം ഉദിക്കുന്നില്ല.

വിദേശ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നതിന് അനുമതി

51 [1453] ശ്രീ. എം. എ. ചന്ദ്രശേഖരൻ :

,, എം. മുരളി :

,, കടവൂർ ശിവദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശ സർവ്വകലാശാലകളോ അവയുടെ സബ് സെന്ററുകളോ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദേശ സർവ്വകലാശാലകളും അവയുടെ സബ്സെന്ററുകളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ വിദേശ സർവ്വകലാശാലകൾ പ്രവർത്തിക്കത്തെ പക്ഷം അവ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) മറ്റു സംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ ഇവിടെ കോഴ്സുകളോ സബ് സെന്ററുകളോ നടത്തുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്നില്ല.

(സി) കേന്ദ്ര സർക്കാരാണ് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടത്.

(ഡി) മറ്റു സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളുടെ അംഗീകാരത്തോടുകൂടിയുള്ള സബ് സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ നിയന്ത്രണ സമ്മതപത്രം

52 [1454] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയമേഖലയിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട് ;

(ബി) എൻ. ഒ. സി. നൽകുന്നതിനു മുമ്പ് മെരിറ്റ് കോട്ടയിൽ പ്രവേശനത്തിന് അമ്പത് ശതമാനം സീറ്റും സർക്കാർ ഫീസും നിഷ്കർഷിക്കുന്ന സമ്മതപത്രം ബന്ധപ്പെട്ട സ്വാശ്രയ മാനേജ്മെന്റുകളിൽ നിന്നും എഴുതി വാങ്ങിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അപ്രകാരം സമ്മതപത്രം വാങ്ങാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) മുൻസർക്കാർ എൻ. ഒ. സി. നൽകിയപ്പോൾ ഇപ്രകാരം നിബന്ധന നിഷ്കർഷിക്കാതിരുന്നതുകൊണ്ടാണ് മാനേജ്മെന്റുകൾക്ക് ഇഷ്ടപ്രകാരം സീറ്റും ഫീസും നിശ്ചയിക്കാൻ അവസരമുണ്ടായതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ 10 എം. ബി. എ. സ്ഥാപനങ്ങൾക്കും ഒരു എം. സി. എ. സ്ഥാപനത്തിനും എൻ. ഒ. സി. നൽകിയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ എൻ. ഒ. സി. നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിശദാംശം ശേഖരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ എൻ. ഒ. സി. നൽകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷന്റെ അംഗീകാരം ലഭിച്ചതിനുശേഷം പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly